expert!
669-7492

മലയാളി സംഗമം അമേരിക്ക

2012 DECEMBER 13-19

Riya
the travel expert!
WWW.RIYA.TRAVEL

# ്രവർത്തനങ്ങളുമായി ജീന മുമ്പോട്ട്

ളെയും പരിചയപ്പെടുത്തി. ഡുലറ്റ് ഹോം ഹെൽത്ത് ഏജൻസി അടമിനിസ്ട്രേറ്റർ ബീന ദേഷ്പാണ്ഡേ അതിഥിയായിരുന്നു.

ഒരു നോൺ പ്രോഫിറ്റ് സംഘടനയായി ജീന രജിസ്ററർ ചെയ്തതായും, ജിനയുടെ വെബ്സൈറ്റിന്റെ (www.-thegina.org) ഉദ്ഘാടനം ചെയ്തതായും ഷേർലി പാറയിൽ അറിയിച്ചു. ജീനയിൽ അംഗമാകൻ ആഗ്രഹിക്കുന്നവർക്ക് വെബ് സൈറ്റ് മുഖേന റജിസ്ടെർ ചെയ്യാവുന്നതാണ്. അന്വേഷണങ്ങൾക്ക് 678 357 6433.

യോഗത്തോടനുബന്ധിച്ച് സൂംബാ കളരിയും വിവിധ ഗെയിമുകളും നടന്നു. എഡ്യുകേഷൻ കമ്മറ്റിയംഗങ്ങളായ മിനി ജേക്കബ്, വിദ്യാ കനകരാജ് എന്നിവർ 'വ്യക്തി ശാക്തീകരണം തൊഴിൽ ഉന്നമനത്തിനു ഒഴിച്ചുകൂടാനവാത്തത്' എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. എക്സിക്യുട്ടീവ് വൈസ് പ്രസിഡണ്ട് ലിലി ആനിക്കാട്ട് ഭാവി പരിപാടികൾ വിശദീകരിച്ചു. ട്രഷറർ ബെസ്ടി അഗസ്റ്റിൻ നന്ദി പ്രകടിപ്പിച്ചു.

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**



# മ റാവു ലാസിയുമായി നടത്തി

്യൻ സ്ഥാനപതി നിരുപമ റാവു നവം
സിലെ ന്യൂനപക്ഷ നേതാവ് നാൻസി
. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം
ന്ത്യൻ സമൂഹം വഹിക്കുന്ന പങ്ക് വലു
പലോസിയും എടുത്തുപറഞ്ഞു. ഇന്ത്യ
ആവശ്യകത ഇരുവരും ഊന്നിപറഞ്ഞു.
ഇരുരാജ്യങ്ങൾക്കും കൂടുതൽ അവസ
തെക്കനേഷ്യയിലെ വർത്തമാനകാല
ു. 2008 ൽ ഇന്ത്യ സന്ദർശിച്ച കാര്യം
സിംഗുമായി ചർച്ച നടത്താൻ കഴിഞ്ഞ
ഫ്ഗാനിസ്ഥാന്റെ പുനരുദ്ധാരണ പ്രക്രി
അവർ പ്രകീർത്തിച്ചു.





# നൈറ്റ് ഫൗണ്ടേഷൻ പുരസ്കാരം രഞ്ചനാ വാര്യർക്ക്

മയാമി: മയാമി ആസ്ഥാനമായി പ്രവർത്തിക്കുന്ന നൈറ്റ് ഫൗണ്ടേഷന്റെ 2012 ലെ അവാർഡ് മലയാളിയായ രഞ്ചനാ വാര്യർക്ക് ലഭിച്ചു.

ഇരുപത്തയ്യായിരം (25,000) ഡോളറും പ്രശംസാപത്രവുമടങ്ങുന്ന പുരസ്കാരം ഒരു ഇന്ത്യൻ കലാകാരിക്ക് ലഭിക്കുന്നത് ഇതാദ്യമായാണ്.

മയാമി ഹെറാൾഡ് ഉൾപ്പടെ അമേരിക്കയിലെ പല നഗരങ്ങളിൽ ദിനപ്പത്രങ്ങൾ നടത്തുന്ന നൈറ്റ് റീഡർ കമ്പനി, നൈറ്റ് ഫൗണ്ടേഷന്റെ ഭാഗമാണ്. കലാസാമൂഹിക വികസന പദ്ധതികൾക്കുവേണ്ടിയാണ് നൈറ്റ് ഫൗണ്ടേഷൻ സാമ്പത്തിക സഹായങ്ങൾ നൽകുന്നത്.

പൗരസ്ത്യ, പാശ്ചാത്യ സംസ്കാരങ്ങളെ കോർത്തിണക്കി ഭരതനാട്യത്തിലൂടെ പാശ്ചാത്യ കഥകളെ അവതരിപ്പിച്ചതിനാണ് പുരസ്കാരം ലഭിച്ചത്.

ഡേവി നഗരത്തിലെ റിഥം സ്കൂൾ ഓഫ് ഡാൻസിന്റെ പ്രിൻസിപ്പലാണ് രഞ്ചന. നൃത്തമെന്ന കലാ മാധ്യമത്തിലൂടെ വിദ്യാർത്ഥികളെ സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ പരിചയപ്പെടുത്തുകയും സമൂഹത്തിൽ സാംസ്കാരികവിനിമയം നടത്തുകയും ചെയ്യുന്ന നിരവധി പരിപാടികൾ സൗത്ത് ഫ്ളോറിഡയിൽ രഞ്ചനാ വാര്യർ ഇതിനകം നടത്തി യിട്ടുണ്ട്. റിഥം സ്കൂൾ ഓഫ് ഡാൻസിൽ നിന്ന് ലഭിക്കുന്ന ഭരതനാട്യ ബിരുദത്തിന് ഇന്ത്യയിലെ അളഗപ്പ യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ട്.

തൃശൂർ എൻജിനീയറിംഗ് കോളജിൽ നിന്ന് കംപ്യൂട്ടർ സൻസിൽ ബിരുദവും, ഫ്ളോറിഡ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് സയൻസ് ബിരുദവുമുള്ള രഞ്ചന വിദ്യാർത്ഥിയായിരുന്ന കാലത്ത് നല്ലൊരു ചെസ് താരംകൂടിയായിരുന്നു. കേരളാ ടീമിനെ പ്രതിനിധീകരിച്ച് അന്തർ സംസ്ഥാന മത്സരങ്ങളിൽ വിജയം വരിച്ചിട്ടുണ്ട്. ഇപ്പോൾ മയാമി ഡേയിസ് കൗണ്ടിയിൽ സൈബർ സെക്യൂരിറ്റി എൻജിനീയറായി ജോലി ചെയ്യുന്നു.

